(സി) പ്രതീക്ഷിച്ചിരുന്നത് എത്ര ആയിരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിറ്റുവരവ് നികുതിക്ക് മാത്രമായി പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. വിറ്റുവരവ് നികുതിയുൾപ്പെടെ വില്പന നികുതിയിനത്തിൽ 6418 കോടി രൂപയാണ് 2003-2004 വർഷം പ്രതീക്ഷിക്കുന്നത്. ഇതിൽ 31-12-2003 വരെ 3879.60 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(ബി) 55.78 കോടി രൂപ (നവംബർ മാസം വരെയുള്ള കണക്ക്)

(സി) പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിരുന്നില്ല.

നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി

39 [322] ശ്രീ. യു. സി. രാമൻ :

,, കളത്തിൽ അബ്ദുള്ള :

,, ഇ. ടി. മുഹമ്മദ് ബഷീർ :

,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം പിരിച്ചെടുത്ത നികുതി എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം ഇതുവരെയുള്ള നികുതി പിരിവിന്റെ നിരക്ക് മുൻ വർഷത്തെ നിരക്കിനേക്കാൾ കുറഞ്ഞിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7302.54 കോടി രൂപ.

(ബി) 31-10-2003 വരെയുള്ള എ. ജി. ക്രോഡീകരിച്ചിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ നികുതി പിരിവ് കുറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉദിക്കുന്നില്ല.

(ഡി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ സർക്കാർ നികുതി പിരിവിന്റെ പുരോഗതി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നു. ജില്ലാതലത്തിലും നികുതി പിരിവിന്റെ പുരോഗതി അവലോകനം ചെയ്യുന്നു. നികുതിപിരിവ് വർദ്ധിപ്പിക്കുവാനും നികുതി ചോർച്ച തടയുവാനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. രജിസ്ട്രേഷൻ വകുപ്പിൽ അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനു കോംപൗണ്ടിംഗ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്.
2. ആധാരങ്ങളിൽ വില കുറച്ചു കാണിക്കുന്നതുമൂലമുണ്ടാകുന്ന നികുതി ചോർച്ച തടയുന്നതിനായി ഭൂമിക്ക് ന്യായവില നിശ്ചയിച്ചു.
3. എക്സൈസ് ഡ്യൂട്ടിയുടെ പിരിവിന്റെ വർദ്ധനവിലേക്കായി നിരന്തര റെയിഡുകളും പരിശോധനകളും ശക്തിപ്പെടുത്തി സെക്കന്റ് സിന്റെ വില്പനയും അനധികൃത മദ്യക്കച്ചവടവും നിയന്ത്രിച്ച് നികുതി ചോർച്ച തടയുവാൻ നടപടി സ്വീകരിച്ചുവരുന്നു.
4. വാണിജ്യ നികുതി വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരും ഇന്റലിജൻസ് വിഭാഗവും എല്ലാ ചെക്ക്പോസ്റ്റുകളിലും മിന്നൽ പരിശോധന നടത്തി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം വിലയിരുത്തുകയും, കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു.

പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക

40 [323] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി കുടിശ്ശിക ഇനത്തിൽ 31-12-2003 വരെ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് അറിയിക്കാമോ;

(ബി) ഓരോ ഇനത്തിലുമുള്ള കുടിശ്ശിക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) നികുതി കുടിശ്ശിക ഇനത്തിൽ അഞ്ചു ലക്ഷം രൂപയ്ക്ക്മേൽ സ്റ്റേ അനുവദിച്ചിട്ടുള്ള എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിൽ 30-11-2003 വരെ നികുതി കുടിശ്ശിക യിനത്തിൽ 2568.36 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. 31-12-2003 വരെയുള്ള തുകയും മറ്റു സ്രോതസ്സുകളിൽ നിന്നുള്ള നികുതി കുടിശ്ശികയെക്കുറിച്ചുള്ള വിവരവും ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly